**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2915** **03-08-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യിലെ ശമ്പളപരിഷ്കരണ ചർച്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യിലെ ശമ്പള പരിഷ്കരണ ചർച്ചാവേളയിൽ കഠിനജോലികളിലേർപ്പെടുന്ന ലൈൻ ഡ്യൂട്ടിക്കാർക്ക് ലഘുവായ ഓഫീസ് ജോലികളിലേർപ്പെടുന്നവരേക്കാൾ കൂടുതൽ അടിസ്ഥാനശമ്പളം നടപ്പാക്കണമെന്ന് തൊഴിലാളി യൂണിയനുകൾ ആവശ്യം ഉന്നയിച്ചിരുന്നോ; | (എ) | ഉന്നയിച്ചിട്ടില്ല. |
| (ബി) | എങ്കിൽ ഏതെല്ലാം യൂണിയനുകൾ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉന്നയിച്ചിട്ടില്ല. |
| (സി) | മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ ഓപ്പറേറ്റിംഗ് വിഭാഗങ്ങൾക്ക് മിനിസ്റ്റീരിയൽ വിഭാഗത്തേക്കാൾ കൂടുതൽ ശമ്പളം നൽകുന്ന രീതി അവലംബിക്കുമ്പോൾ കെ.എസ്.ആർ.ടി.സി. യിൽ മാത്രം ഇക്കാര്യത്തിൽ വിരുദ്ധ മാനദണ്ഡം അവലംബിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി.യിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത് കെ.എസ്.ആർ.ടി.സി.യിലെ അംഗീകൃത തൊഴിലാളി സംഘടനകൾ സമർപ്പിയ്ക്കുന്ന Charter of Demands-ന്റെ അടിസ്ഥാനത്തിൽ സംഘടന കളുമായി നടത്തുന്ന നിരവധി ചർച്ചകളിലൂടെ ഉരുത്തിരിയുന്ന തീരുമാനങ്ങളിലൂടെയും സർക്കാരിന്റെ അനുമതിയോടുകൂടിയുമാണ്. കൂടാതെ കെ.എസ്.ആർ.റ്റി.സി.യിൽ കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് അവരുടെ ജോലികൾക്ക് അനുസൃതമായി കിലോമീറ്റർ അലവൻസ്, ഇൻസെന്റീവ് ബാറ്റ, കളക്ഷൻ ബാറ്റ, ലേ ഓവർ അലവൻസ് എന്നീ ആനുകൂല്യങ്ങൾ നൽകി വരുന്നു. എന്നാൽ ഓഫീസ് ജീവനക്കാർക്ക് ഇത്തരം അലവൻസുകൾ ഒന്നുംതന്നെ നൽകുന്നില്ല. കൂടാതെ ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് മറ്റ് വിഭാഗം ജീവനക്കാരേ ക്കാൾ അടിസ്ഥാനശമ്പളം കൂടുതലാണ്. |
| (ഡി) | അവശ്യസാധന വിലവർദ്ധനയും രൂക്ഷമായ പണപ്പെരുപ്പവും പരിഗണിച്ച് മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളെ മാതൃകയാക്കി കെ.എസ്.ആർ.ടി.സി. യിൽ ശമ്പളപരിഷ്കരണചർച്ചാകളിൽ ഉചിതമായ | (ഡി) | കെ.എസ്.ആർ.ടി.സി.യിൽ ശമ്പള പരിഷ്കര ണവുമായി ബന്ധപ്പെട്ട് അംഗീകൃത ട്രേഡ് യൂണിയനുകളുമായി ചർച്ചകൾ നടത്തി വരുന്നു. ആയതിന്റെ തുടർച്ചയായി 2020 ഡിസംബർ മാസം (2020 നവംബറിലെ ശമ്പളം) മുതൽ |

| | | | |
|---|---|---|---|
| | തീരുമാനമെടുക്കുമോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ? | | ഇടക്കാലാശ്വാസമായി 1,500/- രൂപ എല്ലാ ജീവനക്കാർക്കും അനുവദിച്ചിട്ടുണ്ട്. കൂടാതെ പെൻഷൻകാർക്ക് 2021 ജൂൺ മാസം മുതൽ വിതരണം ചെയ്യുന്ന പെൻഷനോടൊപ്പം പ്രതിമാസം 500/- രൂപ വീതം ഇടക്കാലാശ്വാസമായി അനുവദിച്ചു വരുന്നു. ശമ്പളപരിഷ്കരണ കരാറി നൊപ്പം ഒരു ദീർഘകാല കരാറും ഒപ്പിടേണ്ട തുണ്ട്. ആയത് സർക്കാർ അംഗീകാര ത്തോടെ, കെ.എസ്.ആർ.റ്റി.സി.യിലെ അംഗീകൃത സംഘടനകളുമായി ചർച്ച ചെയ്ത് സമവായത്തിൽ എത്തി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ദീർഘകാല കരാർ ഒപ്പിട്ടു കൊണ്ട് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്ന തിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ